# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

<u>നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 378</u>　　　　<u>28-11-2018 - ൽ മറുപടിയ്ക്ക്</u>

## ഉപഭോക്തൃ തർക്കപരിഹാര ഫോറങ്ങളിലെ ഒഴിവുകൾ

**ചോദ്യം**　　　　**മറുപടി**

**ശ്രീ. രാജു എബ്രഹാം**　　　　**ശ്രീ. പി. തിലോത്തമൻ**
**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| (എ) | ജില്ലാ ഉപഭോക്തൃ തർക്കപരിഹാര ഫോറങ്ങളിൽ ഇപ്പോൾ ഏതൊക്കെ ജില്ലകളിലാണ് നിലവിൽ പ്രസിഡന്റുമാർ ഇല്ലാത്തത്;ഇവിടങ്ങളിൽ പ്രസിഡന്റിന്റെ ചുമതല ആരാണ് നിർവഹിച്ച് വരുന്നത്; | (എ) | നിലവിൽ ആലപ്പുഴ, കോട്ടയം, വയനാട്, കാസർകോഡ് ജില്ലാ ഉപഭോക്തൃ തർക്ക പരിഹാര ഫോറങ്ങളിൽ പ്രസിഡന്റുമാർ ഇല്ല. പ്രസ്തുത ഫോറങ്ങളിൽ യഥാക്രമം കൊല്ലം, പത്തനംതിട്ട, കോഴിക്കോട്, കണ്ണൂർ എന്നീ ഉപഭോക്തൃ തർക്കപരിഹാര ഫോറ-ങ്ങളിലെ പ്രസിഡന്റുമാർക്ക് താല്ക്കാലി-കമായി അധിക ചുമതല നല്കിയിട്ടുണ്ട്. |
| (ബി) | ഏതെല്ലാം ജില്ലാ ഫോറങ്ങളിൽ അംഗ-ങ്ങളുടെ ഒഴിവുകളുണ്ട്; അവ ഏതൊക്കെ; ഈ ഒഴിവുകൾ നികത്തുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാം; | (ബി) | തിരുവനന്തപുരം, ആലപ്പുഴ, ഇടുക്കി, കണ്ണൂർ, എറണാകുളം, ജില്ലാ ഫോറങ്ങളിൽ രണ്ട് അംഗങ്ങളുടേയും, കൊല്ലം, പത്തനംതിട്ട, തൃശ്ശൂർ, വയനാട്, കോഴിക്കോട്, കാസർ-കോഡ് ജില്ലാ ഫോറങ്ങളിൽ വനിത അംഗങ്ങളുടേയും ഒഴിവുകളുണ്ട്. കൊല്ലം, പത്തനംതിട്ട, ഇടുക്കി ഫോറങ്ങളിലെ വനിത അംഗങ്ങളെ നിയമിയ്ക്കുന്നതിനുള്ള അഭിമുഖം നടത്തി. ശേഷിയ്ക്കുന്ന ഒഴിവുകളിലേയ്ക്ക് അപേക്ഷ ക്ഷണിച്ചുകൊണ്ട് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. |
| (സി) | ജില്ലാ ഫോറം പ്രസിഡന്റുമാരുടെ ഒഴിവുകൾ നികത്തുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ? | (സി) | നാല് ജില്ലാ ഫോറങ്ങളിലേയും പ്രസിഡന്റ് നിയമനത്തിനുള്ള അപേക്ഷകരുടെ പാനൽ ലഭ്യമായിട്ടുണ്ട്. അതിൻ പ്രകാരം ആലപ്പുഴ ഫോറത്തിലേയ്ക്ക് നിയമനം നടത്തുന്നതിനു-വേണ്ടിയുള്ള അഭിമുഖം നടത്തി. മറ്റു ജില്ലകളിലെ അഭിമുഖം നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ